കേരള സാഹിത്യ അക്കാദമി
തൃശൂർ -11.03.2010

പത്രക്കുറിപ്പ്:

# കേരള സാഹിത്യ അക്കാദമി
# വിലാസിനി പുരസ്കാരം എം.കെ.ഹരികുമാറിന്



ഇത്തവണത്തെ (2008) കേരള സാഹിത്യ അക്കാദമി വിലാസിനി എൻഡോവ്മെന്റ് പുരസ്കാരത്തിന് എം.കെ.ഹരികുമാറിന്റെ *നവാദ്വൈതം വിജയന്റെ നോവലുകളിലൂടെ* എന്ന നോവൽപഠനഗ്രന്ഥം അർഹമായി. 2005,2006,2007 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച നോവലിനെയോ നോവലിസ്റ്റിനെയോ നോവൽസാഹിത്യരൂപത്തെയോ കുറിച്ച് മലയാളത്തിൽ എഴുതിയിട്ടുള്ള മികച്ച സമഗ്രപഠനമാണ് പുരസ്കാരത്തിന് പരിഗണിച്ചത്. 50,000 (അമ്പതിനായിരം രൂപ) രൂപയും ഫലകവും സാക്ഷ്യപത്രവും അടങ്ങുന്നതാണ് അവാർഡ്. രണ്ടുവർഷത്തിലൊരിക്കലാണ് ഈ പുരസ്കാരം നൽകുന്നത്.

2000-ൽ ഡോ.പി.കെ.രാജശേഖരന്റെ *അന്ധനായ ദൈവം: മലയാള നോവലിന്റെ നൂറു വർഷങ്ങൾ* എന്ന കൃതിയ്ക്കായിരുന്നു പ്രഥമപുരസ്കാരം. 2002 -ൽ അർഹമായ കൃതികൾ ഇല്ലാത്തതിനാൽ വിധിനിർണ്ണയസമിതി പുരസ്കാരം നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയായിരുന്നു. ഡോ. എം.ലീലാവതിയുടെ അപ്പുവിന്റെ അന്വേഷണം എന്ന കൃതി 2004 ലും ഡോ.വി.രാജകൃഷ്ണന്റെ നഗ്നയാമിനികൾ എന്ന കൃതി 2006 ലും പുരസ്കാരം നേടി.

ഒ.വി.വിജയന്റെ നോവലുകളുടെ അന്തഃസത്തയിലേയ്ക്ക് ചുഴിഞ്ഞിറങ്ങുന്ന സമഗ്രപഠനമാണ് ഹരികുമാറിന്റെ *നവാദ്വൈതം വിജയന്റെ നോവലുകളിലൂടെ* എന്ന ഗ്രന്ഥമെന്ന് ഡോ.എം.ലീലാവതി വിലയിരുത്തി.




മുഖ്യമായ ഒരു നോവലിനെ മുഴുവനായി പഠിക്കാൻ ശ്രമിച്ചു എന്ന പ്രസക്തി വകവെക്കാതെ വയ്യ. പഠനം നോവലിന്റെ ദർശനത്തിൽ മാത്രമല്ല, ഭാഷയിലും ശ്രദ്ധിക്കുന്നുണ്ട്. എന്നിരിക്കെ പൂർണ്ണമായ സമ്മതിയോടെയല്ലെങ്കിൽ പോലും അപേക്ഷികമായ മികവിന്റെ ആലംബത്തിൽ ഈ കൃതിയെ കൂട്ടത്തിൽ ഒന്നാം വിതാനത്തിലേയ്ക്ക് ഉയർത്താൻ സങ്കോചമില്ല എന്ന് പ്രൊഫ.കെ.പി.ശങ്കരൻ അഭിപ്രായപ്പെട്ടു.

ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, പ്രവാചകന്റെ വഴി, അമൃതംഗമായതി, തലമുറകൾ എന്നീ നോവലുകളെക്കുറിച്ചുള്ള വിശദപഠനമാണ് *നവാദ്വൈതം വിജയന്റെ നോവലുകളിലൂടെ* എന്ന കൃതി. കഥാസംഗ്രഹം നൽകി കഥാപാത്രങ്ങളെ വിശദീകരിച്ച് വിലയിരുത്തുന്ന സാമ്പ്രദായിനിരൂപണപദ്ധതിയല്ല ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ളതെന്നും ഡോ.എം.എം. ബഷീർ വിലയിരുത്തി.

ഡോ.എം.ലീലാവതി, പ്രൊഫ.കെ.പി.ശങ്കരൻ, ഡോ.എം.എം.ബഷീർ എന്നിവരടങ്ങിയ ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനം അക്കാദമി പ്രസിഡണ്ട് എം. മുകുന്ദന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നിർവ്വാഹകസമിതി യോഗം അംഗീകരിക്കുകയായിരുന്നു എന്ന് സാഹിത്യ അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി അറിയിച്ചു.

**എം.മുകുന്ദൻ**
പ്രസിഡണ്ട്

**പുരുഷൻ കടലുണ്ടി**
സെക്രട്ടറി